പതിമൂന്നാം കേരളനിയമസഭ
ഒൻപതാം സമ്മേളനം

10.06.2013 -ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 253

## കോഴിക്കോട് ജില്ലയിലെ പ്രതിപക്ഷ എം.എൽ.എ.മാർക്കെതിരെയുള്ള കേസുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ജനകീയ പ്രക്ഷോഭങ്ങളിൽ പങ്കെടുത്തതിന് കോഴിക്കോട് ജില്ലയിലെ പ്രതിപക്ഷ എം.എൽ.എ.മാരുടെ പേരിൽ എത്ര കേസുകൾ എടുത്തിട്ടുണ്ട്; | (എ) ജനകീയ പ്രക്ഷോഭങ്ങളിൽ പങ്കെടുത്തതിന് എം.എൽ.എ. മാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ കോഴിക്കോട് ജില്ലയിൽ സമരങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള അനിഷ്ട സംഭവങ്ങളെ തുടർന്ന് കോഴിക്കോട് സിറ്റി പോലീസ് ജില്ലയിൽ 2 പ്രതിപക്ഷ എം.എൽ.എ. മാർക്കെതിരെ 2 കേസുകളും കോഴിക്കോട് റൂറൽ പോലീസ് ജില്ലയിൽ 5 പ്രതിപക്ഷ എം.എൽ.എ. മാർക്കെതിരെ 25 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഏതൊക്കെ എം.എൽ.എ.മാരുടെ പേരിൽ, ഏതൊക്കെ സ്റ്റേഷൻ പരിധിയിൽ എന്തൊക്കെ വകുപ്പുകളനുസരിച്ചാണ് കേസ് എടുത്തിട്ടുള്ളത് ; | (ബി) ഇതു സംബന്ധിച്ച വിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി, എൽ.ഡി.എഫ്. കൺവീനർ എന്നിവർക്കെതിരെ ഈ സർക്കാരിനെതിരായ ജനകീയ സമരങ്ങൾക്ക് നേതൃത്വം കൊടുത്തതിന്റെ പേരിൽ ഏതൊക്കെ സ്റ്റേഷനുകളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഡി) | അഞ്ചിൽ കൂടുതൽ കേസുകളിൽ ഉൾപ്പെട്ട നേതാക്കളെ ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്താനും ജില്ലയ്ക്കും സംസ്ഥാനത്തിനും പുറത്തേക്ക് നാടു കടത്താനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ? | (ഡി) | നിലവിലുള്ള നിയമങ്ങൾ നടപ്പാക്കുകയെന്ന ഉത്തരവാദിത്വമാണ് സർക്കാരിനുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**